# അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025 – 2026

## ഊർജതന്ത്രം

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# യു.പി.എച്ച്.എസ്. 2025 – 2026

# സംസ്കൃതം

## ഹൈസ്കൂൾ സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ഹൈടെക് വേൾഡ്:- മാനവികതയിൽ ഊന്നിയുള്ള ശാസ്ത്ര ബോധം വളർത്തുക.<br><br>2. ആയൂർരേഖ:- പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക.<br><br>3) വൈജ്ഞാനിക ബഹിർസ്ഫുരണം അന്വേഷണ തൃഷ്ണ വർദ്ധിപ്പിക്കൽ, നേരറിവ് നേടൽ | * ക്ലാസുകളിൽ ശാസ്ത്ര ലൈബ്രറി ശാസ്ത്ര മാനസിക പ്രസിദ്ധീകരണം<br><br>* സയസ് ലാബ്, ഐ.ടി. ലാബ് എന്നിവ ആധുനിക വൽക്കരിക്കുന്നു.<br><br>* കുട്ടികളുടെ ആരോഗ്യരേഖ സൂക്ഷിക്കുന്നു.<br>തണൽ വൃക്ഷങ്ങൾ നട്ടു പിടിപ്പിക്കൽ, ഉള്ള സൗകര്യത്തിൽ ഔഷധതോട്ടവും പച്ചക്കറി തോട്ടവും നിർമിക്കൽ.<br>സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത ക്യാമ്പസ്<br>* പുതുപുത്തൻ സാങ്കേതിക വിദ്യയും പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുന്നു.<br><br>സംസ്ഥാന ദേശീയ തലത്തിലുള്ള ക്വിസ് സെമിനാർ പ്രോജക്ട് മുതലായവയിൽ പങ്കെടുക്കുന്നു.<br><br>ശാസ്ത്രകാരന്മാരുമായി സംവധിക്കൽ | അക്കാദമിക വർഷം<br><br>അക്കാദമിക വർഷം<br><br>അക്കാദമിക വർഷം<br>അക്കാദമിക വർഷം<br>അക്കാദമിക വർഷം<br><br>അക്കാദമിക വർഷം<br><br>അക്കാദമിക വർഷം<br>അക്കാദമിക വർഷം<br>1 തവണ | സയൻസ് അധ്യാപകൻ<br><br>സയൻസ് അധ്യാപകൻ<br><br>സയൻസ് അധ്യാപകൻ<br>ആരോഗ്യക്ലബ്ബ്<br>ഹരിത ക്ലബ്ബ് സീഡ്<br>സയൻസ് ക്ലബ്ബ്<br><br>സയൻസ് ക്ലബ്ബ്<br><br>സയൻസ് ക്ലബ്ബ്<br><br>സയൻസ് ക്ലബ്ബ് | പി.ടി.എ. മാനേജ്മെന്റ്<br><br>പി.ടി.എ. മാനേജ്മെന്റ്<br><br>പി.ടി.എ. മാനേജ്മെന്റ്<br><br>കൃഷി വകുപ്പ്,<br>ഹരിതസേന സീഡ്<br><br>രക്ഷിതാക്കൾ<br><br>മാനേജ്മെന്റ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പഠനോ പകരണങ്ങൾ | സാമ്പത്തികം | ക്ലാസിതര പ്രവർത്തനങ്ങൾ |
|---|---|---|---|---|---|
| എല്ലാകുട്ടികളെയും ഭാഷാ പഠന തൽപരരാക്കുന്നു.<br><br>അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക<br><br>വായനാ വാരത്തോട് ബന്ധപ്പെടുത്തിയുള്ള ക്ലാസ്സ് തല പ്രവർത്തനം | കുട്ടികളുടെ പഠനമികവുകളും പരിമിതികളും മനസ്സിലാക്കി അവരുടെ സാധ്യതകൾക്ക് അനുസരിച്ച് പഠന പ്രവർത്തനങ്ങളും പഠന രീതികളും സ്വീകരിക്കുന്നു.<br><br>രചന, വായനാകാർഡുകൾ തയ്യാറാക്കുക. പുസ്തകം പരിചയപ്പെടുത്തികൊടുക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | പാഠപുസ്തകങ്ങൾ, ചിത്രങ്ങൾ വീഡിയോ | അധ്യാപിക | അനുരൂപീകരണതലം സഹപാഠികളുടെ പിന്തുണ പഠന പ്രവർത്തനങ്ങളിൽ സഹായിക്കൽ ഗ്രൂപ്പ് തല പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തൽ. |
| സാഹിത്യാഭിരുചി വളർത്താനുള്ള പ്രവർത്തനങ്ങൾ | കുട്ടികൾ പുസ്തകാവലോകനം തയ്യാറാക്കുന്നു. | | | | |
| ആശയങ്ങൾ തെറ്റു കൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കാനുള്ള അവസരം നൽകൽ | പ്രശ്നോത്തരി, കഥ, കവിത, ഉപന്യാസം എന്നിവയ്ക്കുള്ള പരിശീലനം. | | | | |

| | | | | | |
|---|---|---|---|---|---|
| സംസ്കൃത ദിനാചരണം സ്കൂൾതല മത്സരങ്ങൾ നടത്തി സബ്ജില്ലാ, തലത്തിൽ പങ്കെടുപ്പിക്കൽ<br><br>ഭാഷാ പഠനം കലാപരിചയം<br><br>മത്സര പരീക്ഷകൾക്കുള്ള പ്രത്യേക പരിശീലനം | സംസ്കൃത സന്ദേശം, സംസ്കൃതം പ്രാർത്ഥനാ, സുഭാഷിതം, കവിത, ഗാനാലാപനം. പഴങ്ങൾ പച്ചക്കറികൾ, ഔഷധ സത്യങ്ങൾ എന്നിവയുടെ പേരുകൾ പ്രദർശിപ്പിക്കുന്നു.<br><br>കലോത്സവത്തിനായി കുട്ടികളെ കണ്ടെത്തി കലാരൂപങ്ങൾ പരിചയപ്പെടുത്തി പരിശീലനം നൽകുന്നു. ഭാഷാപ്രാധാന്യം കണക്കിലെടുത്ത് കഥ, സമസ്യ, സിദ്ധരൂപം എന്നിങ്ങനെ പ്രത്യേകം സജ്ജരാക്കുന്നു.<br><br>സംസ്കൃത സ്കോളർഷിപ്പ് പരീക്ഷ പരിശീലനം പത്താംക്ലാസ് വിദ്യാർത്ഥികൾക്ക് പ്രീമോഡൽ, മോഡൽ എസ് എസ് എൽസി പരീക്ഷ പരിശീലനം | | ചിത്രങ്ങൾ വീഡിയോയോ | | സബ്ജില്ലാ മത്സരാർത്ഥികൾക്ക് സംസ്കൃത അധ്യാപക കൂട്ടായ്മ സമ്മാനദാനം നൽകുന്നു. |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## യു.പി.എച്ച്.എസ്. 2025 – 2026

## കെമിസ്ട്രി

# മേഖല – ഹൈസ്കൂൾ – സയൻസ് (കെമിസ്ട്രി)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. കൗതുകം, ജിജ്ഞാസ നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക. | ലഘു പരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ച് കൊടുക്കുവാൻ അവസരം നൽകുന്നു. മോഡലുകൾ നിർമ്മിക്കുവാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞ് കൊടുത്ത് കുട്ടികളെ കൊണ്ട് മോഡൽ നിർമ്മിക്കുന്നു. | 1 വർഷം | സയൻസ് അധ്യാപകൻ | പി.ടി.എ. |
| നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു. | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു.<br><br>ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | 1 വർഷം | സയൻസ് അധ്യാപകൻ | പി.ടി.എ. മാനേജ്മെന്റ് |

| | VIII (Academic) | Acadamic and Non<br>IX (Academic) | Acadamic Actitivies<br>X (Academic) | Maths-HS<br>Non Academic |
|---|---|---|---|---|
| **JUNE** | ഒപ്പത്തിനൊപ്പം (ചതുഷ് ക്രിയ അവബോധ പരിശോധനയും പരിഹാര ബോധനവും) വർഗങ്ങൾ തുല്യത്രികോണങ്ങൾ ക്ലാസ്സ് ടെസ്റ്റ് & പരിഹാര ബോധനം. | ഒപ്പത്തിനൊപ്പം (ചതുഷ് ക്രിയ അവബോധ പരിശോധനയും പരിഹാര ബോധനവും)സമവാക്യ ജോഡികൾ, ബ്രിഡ്ജ് - ദശാംശ രൂപങ്ങൾ പുതിയ സംഖ്യകൾ & ക്ലാസ്ടെസ്റ്റ് & പരിഹാര ബോധനം | ഒപ്പത്തിനൊപ്പം (ചതുഷ് ക്രിയ അവബോധ പരിശോധനയും പരിഹാര ബോധനവും) സമാന്തര ശ്രേണികൾ, വൃത്തങ്ങളും കോൺകളും ക്ലാസ് ടെസ്റ്റ്, പരിഹാര ബോധനം | * ക്ലാസ്സ് ഉദ്ഘാടനം<br>* പ്രോബ്ലം ഓഫ് ദി വീക്ക് തുടക്കം<br>* മാത്സ് ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കൽ<br>* ജൂൺ 19 Paxal ജന്മദിനാചരണം |
| **JULY** | തുല്യ ത്രികോണങ്ങൾ വർഗസമവാക്യങ്ങൾ, ബഹുപദങ്ങൾ, ക്ലാസ്സ് ടെസ്റ്റ് & പരിഹാര ബോധനം | പുതിയ സംഖ്യകൾ, ബ്രിഡ്ജ് - ത്രികോണപരപ്പ്, സമാന്തര വരകൾ, ക്ലാസ്ടെസ്റ്റ് & പരിഹാര ബോധനം | വൃത്തങ്ങളും കോൺകളും, സമാന്തര ശ്രേണിയും ബീജഗണിതവും, സാധ്യതകളുടെ ഗണിതം ക്ലാസ്സ് ടെസ്റ്റ് & പരിഹാര ബോധനം | * ഗണിത മേളയുമായി ബന്ധപ്പെട്ട വർക്ക് ഷോപ്പ്<br>* weekly maths Journal പ്രസിദ്ധീകരിക്കുന്നു.<br>Maths talent Test |
| **AUGUST** | ബഹുപദങ്ങൾ, സമവാക്യപരിഹാരം, 1-ാം പാദവാർഷിക പരീക്ഷ | ഗുണന സമവാക്യങ്ങൾ, അഭിന്നക ഗുണനം, 1-ാം പാദവാർഷിക പരീക്ഷ | ഒന്നാം കൃതി സമവാക്യങ്ങൾ, ത്രികോണമിതി, 1-ാം പാദവാർഷിക പരീക്ഷ | * ഗണിത ക്വിസ് മത്സരം<br>* ഗണിത മാഗസിൻ<br>* Peer tutaring - Teach a Topic മത്സരം |
| **SEPT** | പുതിയ സംഖ്യകൾ, സമഭാജികൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധം | അഭിന്നക ഗുണനം, സദൃശ ത്രികോണങ്ങൾ, ക്ലാസ് ടെക്സ്റ്റ് & പരിഹാര ബോധനം | ത്രികോണസമിതി, സൂചക സംഖ്യകൾ, ക്ലാസ്സ് ടെക്സ്റ്റ് & പരിഹാരബോധനം | * സ്ക്കൂൾ ഗണിതമേള<br>* ജിയോജിബ്രയിൽ പരിശീലനം<br>* ടീച്ചേഴ് ഡേ, കുട്ടിടീച്ചേഴ്സ് മത്സരം |
| **OCT** | വോള്യം -2- പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ബ്രോഡ്ജ് - വട്ടത്തങ്ങൾ, വൃത്തങ്ങളുടെ അളവുകൾ, ക്ലാസ് ടെസ്റ്റ് & പരിഹാര മാർഗ്ഗങ്ങൾ | വോള്യം 2 പാഠഭാഗങ്ങൾ, ക്ലാസ്സ് ടെക്സ്റ്റ് & പരിഹാര ബോധനം | Sub District ഗണിതമേളക്ക് കുട്ടികളെ സജ്ജരാക്കുക മാത്സ് |

# Acadamic and Non Academic Activities Maths - HS

| | VIII (Academic) | IX (Academic) | X (Academic) | Non Academic |
|---|---|---|---|---|
| NOVEMBER | Vol. II. പാഠ ഭാഗങ്ങൾ, ക്ലാസ്സ് ടെസ്റ്റ് & പരിഹാര ബോധനം | രേഖീയ സംഖ്യകൾ, ബഹുപദങ്ങൾ, ക്ലാസ്സ് ടെസ്റ്റ് & പരിഹാര ബോധനം. | Vol. II. പാഠഭാഗങ്ങൾ<br>ക്ലാസ്സ് ടെക്സ്റ്റ് & പരിഹാര ബോധനം | * Field trip<br>* 'O' യുടെ പ്രാധാന്യം വിളിച്ചോതാൻ ഉതകുന്ന പ്രോഗ്രാം<br>* നോൻ വി. ശകുന്തള ദേവി |
| DECEMBER | Vol. II. പാഠഭാഗങ്ങൾ IInd term Exam. | വൃത്തഭാഗങ്ങൾ, സെക്കന്റ് ടേം എക്സാം | Vol. II. പാഠഭാഗങ്ങൾ പൂർത്തീകരിക്കുന്നു. സെക്കന്റ് ടേം എക്സാം. | * ദേശീയ ഗണിത ദിനം (ഡിസ. 22) |
| | Vol. II. പാഠഭാഗങ്ങൾ ക്ലാസ് ടെസ്റ്റ് & പരിഹാരബോധനം | സ്തംഭങ്ങൾ, ബഹുപദ ചിത്രങ്ങൾ, അനുപാതം, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | വിജയഭേരി | * പോസ്റ്റർ നിർമ്മാണം<br>(Maths for Nation Building) |
| JANUARY | Vol. II. പാഠഭാഗങ്ങൾ ക്ലാസ് ടെസ്റ്റ് & റിവിഷൻ | അനുപാതം, സ്ഥിതി വിവര കണക്ക്, ക്ലാസ് ടെസ്റ്റ് & റിവിഷൻ | Rivision, Model Exam | Pi - ചരിത്രവും പ്രാധാന്യവും പ്രോഗ്രാം |
| FEBRUARY<br>MARCH | Anuval Exam | Anuval Exam | Annual Exam | എസ്.എസ്.എൽ.സി. വിദ്യാർത്ഥികൾക്ക് തിരിഞ്ഞുനോട്ടം |

## അക്കാദമിക് ആക്ഷൻ പ്ലാൻ നിർവ്വഹണ പദ്ധതി 2025 – 2026

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | |
| വിഭാഗം | : | ഹൈസ്ക്കൂൾ |
| വിഷയം | : | ഹിന്ദി |
| അവസ്ഥ വിശകലനം | : | 25% കുട്ടികൾക്കും വായിക്കുവാനും എഴുതുവാനും സാധിക്കുന്നില്ല. പഠനത്തിൽ താൽപര്യക്കുറവ് |
| മേഖല | : | വായന, എഴുത്ത് |
| ഉപമേഖല | : | വായിച്ചു മനസ്സിലാക്കാൽ, എഴുതിപ്പിക്കൽ |
| പ്രവർത്തനപരിപാടിയുടെ പേര് | : | സുരിലി ഹിന്ദി |
| പ്രതീഷിത നേട്ടങ്ങൾ | : | വായിക്കുവാനും എഴുതുവാനുമുള്ള കഴിവ് നേടുന്നു.<br>ആശയ ഗ്രഹണം സാധ്യമാകുന്നു.<br>ആസ്വാദനശേഷി വർദ്ധിക്കുന്നു<br>കുട്ടികളിൽ ഹിന്ദി ഭാഷ വികനം സാധ്യമാകുന്നു. |

| | മാസം | പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | നിർവ്വഹണ കാലം | | | | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| 1 | June | വായന ദിനാചരണം ഈ ദിവസത്തിന്റെ പ്രാധാന്യത്തെ കുറിച്ച് കുട്ടികളെ ബോധവാൻമാരാക്കുക. | ജൂൺ വായനദിനം ആചരിക്കുന്നു. ഹിന്ദിയിലെ ഏതെങ്കിലും പ്രശസ്ത ലേഖകന്റെ പുസ്തകം അസംബ്ലിയിൽ വെച്ച് പരിചയപ്പെടുത്തുന്നു. | | | | | |
| 2 | July | ഹിന്ദി ക്ലബ്ബ് രൂപീകരണം പ്രേംചന്ദ് ജന്മ ദിനാചരണം | വായന മത്സരം നടത്തുന്നു. | | | | | |
| 3 | September | ഹിന്ദിദിനാചരണം | ഹിന്ദി ക്ലബ്ബ് രൂപീകരിക്കുന്നു. ജൂലൈ - 31 കഥാസാമ്രാട്ട് പ്രംചന്ദിന്റെ ജന്മദിനത്തോടനുബന്ധിച്ച് ക്വിസ് മത്സരം നടത്തുന്നു. പ്രേംചന്ദിന്റെ ജീവനി പരിചയപ്പെടുത്തുന്നു. | | | | | |
| | | | സെപ്റ്റംബർ 14ന് ഹിന്ദിദിനം ആചരിക്കുന്നു. അന്നേ ദിവസം പ്രത്യേക അസംബ്ലി നടത്തുന്നു. പ്രാർത്ഥന മഹത്വചനം, പത്ര പാരായണം എന്നിവ ഹിന്ദിയിൽ നടത്തുന്നു. ഹിന്ദി ദിനത്തിന്റെ പ്രാധാന്യത്തെ കുറിച്ച് ബോധവാൻമാരാകുന്നു.<br>കഥാരചന മത്സരം, കവിതരചന മത്സരം, ഉപന്യാസ മത്സരം, പോസ്റ്റർ നിർമ്മാണം എന്നിവ നടത്തുന്നു. | | | | | |
| 4 | October | ഗാന്ധിജയന്തി ദിനാചരണം | ഒക്ടോബർ രണ്ടിന്റെ പ്രാധാന്യത്തെകുറിച്ച് കുട്ടികളെ ബോധവാൻമാരാക്കുന്നു. | | | | | |

| | മാസം | പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | | | | | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| 5 | November | | പാഠഭാഗങ്ങൾ നവംബർ 30-ാം തിയ്യതിയോടെ എടുത്ത് തീർത്ത് റിവിഷൻ ആരംഭിക്കുന്നു. | | | | | |
| 6 | December | ചോദ്യപേപ്പറുകൾ പരിചയപ്പെടുത്തുക. | 10-ാം ക്ലാസ്സിലെ കുട്ടികൾക്ക് അർദ്ധവാർഷീക പരീക്ഷയുടെ മുൻവർഷങ്ങളിലെ ചോദ്യപേപ്പറുകൾ പരിചയപ്പെടുത്തുന്നു. | | | | | |
| 7 | January to February | പഠന നിലവാരം വർദ്ധിപ്പിക്കുന്നതിനു വേണ്ടിയുള്ള പരിശീലനം | ഒന്നാമത്തെ പാഠം മുതൽ റിവിഷ്യൻ നടത്തി കുട്ടികൾക്ക് ചെറിയ ചെറിയ പരിക്ഷകൾ നടത്തുന്നു. മാർക്ക് കുറവുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുന്നു. 8,9, ക്ലാസ്സുകളിലെ കുട്ടികൾക്ക് സുരിലി ഹിന്ദിയുടെ ഭാഗമായുള്ള അധികവായന സാമഗ്രികൾ നൽകുന്നത് തുടരുന്നു. കഥകളും, കവിതകളും ഐ.സി.ടി. സഹായത്തോടെ കാണിച്ചിട്ട് അതിനെ വ്യത്യസ്ത പ്രോക്തികളിലൂടെ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു.<br><br>പ്രീ മോഡൽ പരീക്ഷയിലും, മോഡൽ പരീക്ഷയിലും പിന്നോക്കം നിൽക്കുന്ന 10-ാം ക്ലാസ്സിലെ കുട്ടികളെ വിജയിപ്പിക്കുന്നതിനുവേണ്ടി ചോദ്യ പേപ്പറിൽ അവർക്കുണ്ടായ സംശയങ്ങൾ പരിഹരിച്ച് പരിശീലനം നൽകുന്നു. | | | | | |
| 8 | March | റിവിഷൻ | കൺവീനർ | | | | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# സാമൂഹ്യശാസ്ത്രം  എച്ച്.എസ്.  വിഭാഗം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. പഠിതാക്കളെ ചരിത്രാവബധോം ഉള്ളവരായി മാറ്റിയെടു ക്കുക. | Virtual Field Trip<br>സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | SS tr. | |
| 2. വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗ ത്തെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെ ക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും ലഹരി ഉപയോഗത്തിന്റെ ദോഷവശങ്ങളെ കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | എസ്.എസ്. ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രോഫിക് പോലീസിന്റെയും എക്സൈസ് ഉദ്യോഗസ്ഥരുടേയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം, ലഹരി ഉപയോഗം എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടി പ്പിക്കുന്നു. | അക്കാദമികവർഷം | SS tr. | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 3.ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യരീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു. | അക്കാദമിക വർഷാരംഭം | SS tr.<br>Parents | |
| 4. ഭൂപടവായന കുട്ടികളിൽ വളർത്തുക IE സ്ഥലനിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക. | ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു. ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു. Altas, Map, Globe എന്നിവ പരിചിതമാകുന്നു. | „ | SS tr. | |
| | ക്വിസ് ദിനാചരണങ്ങൾ എന്നിവ നടത്തുന്നു. ആഴ്ചയിൽ 10 ക്വസ്റ്റ്യൻ വീതം നൽകുന്നു. | „ | ,, | |
| 5. കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതു വിജ്ഞാനം വളർത്തുക. | | | | |

# HS ENGLISH

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയ വിനിമയം നടത്താൻ പ്രാപ്തരാകുന്നു. | English Corner Story time<br>English Assembly<br>Spoken English Class | Leisure time Holiday | PTA, Teachers | |
| 2. ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരമൊരുക്കുന്നു. | Role play, English day പ്രശസ്തരായ കവികളും കവിതകൾ കോറിയോഗ്രാഫി തയ്യാറാക്കി അവതരിപ്പിക്കുക | With Class room activities | English Teachers | |
| 3. സ്വതന്ത്ര വായനക്ക് സജ്ജരാക്കുക. സ്വതന്ത്രമായ എഴുത്തിന് സജ്ജരാക്കുക. | Story writing Public Speaking, News reading, Language games, News reading competitions | Class room activitiy | | |
| 4. Dramalisation | English Assembly Skit | Class room Activity, Holiday | PTA Teachers | |
| 5. കവിതാലാപനത്തിനും കവിതാ രചനക്കും പ്രാപ്തരാക്കുന്നു. | Audio clips കേൾക്കാനുള്ള അവസരം കവിതാരചന, ആലാപന മത്സരങ്ങൾ രചനകളുടെ പ്രദർശനം | Class room activities | Teachers, PTA, SRG | |
| 6. സാങ്കേതിക വിദ്യാസാധ്യതകൾ ഇംഗ്ലീഷ് ഭാഷ വികസനത്തിന് | English Fest, English Film കാണാനുള്ള അവസരം | Class room Activity, Holidays | Teachers, PTA, SRG | |

# Biology
# Academic Master Plan

ജീവശാസ്ത്രത്തിൽ ശാസ്ത്രസിദ്ധാന്തങ്ങൾക്കും പ്രയോഗങ്ങൾക്കും ഉപരിയായി കുട്ടികളെ പ്രകൃതിയിലേക്ക് ഇറങ്ങി ചെന്ന് പഠനത്തിലേക്ക് നയിക്കേണ്ടതിന്റെ ആവശ്യകത അനിവാര്യമാണ്. ജീവശാസ്ത്ര ക്ലാസ്സുകൾ പ്രക്രിയാധിഷ്ഠിതമാക്കുവാനായി പഠിതാവ് പ്രകൃതിയെ നേരിട്ടനുഭവമാക്കേണ്ടതാണ് ഇവ ജീവശാസ്ത്ര ക്ലാസുകൾ ജീവനുറ്റവായിക്കുകയും വിരസതയില്ലാതെയാക്കുകയും ചെയ്യുന്നു.

**<u>പ്രതീക്ഷിത നേട്ടങ്ങൾ</u>**

* ശാസ്ത്രാഭിരുചി വളർത്തൽ
* പ്രകൃതിയെ നേരിട്ടറിയൽ
* പ്രകൃതിയെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടൽ

| നമ്പർ | പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ |
|---|---|---|
| 1 | ആൽബം നിർമ്മിക്കൽ | 8-ാം ക്ലാസ്സിലെ കുട്ടികൾ അവർക്ക് ചുറ്റും കണ്ടെത്താവുന്ന സസ്യങ്ങൾ ശേഖരിച്ച് അവയുടെ പേരും, ബൊട്ടാണിക്കൽ നാമം ചിത്രം ഉപയോഗം എന്നിവ കണ്ടെത്തി രേഖപ്പെടുത്തി സൂക്ഷിക്കുകയും അത് അടുത്ത വർഷങ്ങളിലേക്ക് തുടർന്ന് പോവുകയും ചെയ്യുന്നു. |

| മേഖല യു. പി. ഇംഗ്ലീഷ് | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| 1) ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | Lend Your Ear - ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകൻ | ഇംഗ്ലീഷ് ക്ലബ്ബ് |
| | Follow Me If You Can! ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകൻ | |
| | Breaking News ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു. | നവംബർ | ഇംഗ്ലീഷ് അധ്യാപകൻ | |
| | Missing Man അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു. തുടർന്ന് അധ്യാപികയുടെ സംഭാഷണം നീക്കം ചെയ്ത് കുട്ടിയുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു. അധ്യാപികയുടെ ഭാഗം മറ്റ് കുട്ടികൾക്ക് അവതരിപ്പിക്കുവാനുള്ള അവസരം ഒരുക്കുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകൻ | |
| | Treasure Hunt വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിഭിന്ന അറകളാക്കുന്നു. ഓരോ അറകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെ കുറിച്ച് വർണ്ണിക്കുന്നു. വസ്തു എന്തെന്ന് മറ്റ് കുട്ടികൾ തിരിച്ചറിയുന്നു. പോയിന്റ് നൽകുന്നു. | ആഗസ്റ്റ് | ഇംഗ്ലീഷ് അധ്യാപകൻ | |

| മേഖല യു. പി. ഇംഗ്ലീഷ് | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| 2) ഭാവാത്മക വായന പരിശീലിപ്പിക്കുന്നു. | Meet the Foreigner തനത് ഭാഷ സംസാരിക്കുന്ന വ്യക്തികളുമായി ആശയ വിനിമയം നടത്തുവാനുള്ള അവസരം ഒരുക്കുന്നു.<br>One Man Show ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു.<br>I Too Can!! വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകിരിക്കുന്നു. തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. (ലളിതമായതിൽ നിന്നും സങ്കീർണ്ണമായതിലേക്ക്)<br>Leaning Ladder പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് പരിപാടിയായി ഏണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു.<br>F.M. Corner വ്യത്യസ്തമായ കഥകൾ Reader's Theatre റേഡിയോ ഡ്രാമ രൂപത്തിൽ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു.<br>Reader of the Month ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി. നെ ആദരിക്കുന്നു. | വർഷത്തിൽ ഒരു തവണ ഒക്ടോബർ<br>ജൂലൈ<br>സെപ്തംബർ<br>സെപ്തംബർ<br>ടേമിൽ ഒരു തവണ<br>മാസം തോറും | ഇംഗ്ലീഷ് അധ്യാപകൻ<br>ഇംഗ്ലീഷ് അധ്യാപകൻ<br>ഇംഗ്ലീഷ് അധ്യാപകൻ<br>ഇംഗ്ലീഷ് അധ്യാപകൻ<br>ഇംഗ്ലീഷ് അധ്യാപകൻ<br>ഇംഗ്ലീഷ് അധ്യാപകർ | |

| മേഖല യു. പി. ഇംഗ്ലീഷ് | | | | |
| --- | --- | --- | --- | --- |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| 3) തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | My Droplets കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകൻ | |
| | Alert Zone സൂചന ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു. | ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് അധ്യാപകൻ | |
| | Run Baby Run ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരു പ്രാവശ്യം വായിച്ചതിനുശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം വാക്യങ്ങൾ തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു. | ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകൻ | |
| | Fun time Funda കടംകഥകൾ, കുസൃതി ചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | എല്ലാ ഇംഗ്ലീഷ് പിരീഡും | ഇംഗ്ലീഷ് അധ്യാപകൻ | |
| 4) ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു. | The Grand Camp ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റ് വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച് ഒരു ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു. 5,6,7 ക്ലാസിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ട് വരാൻ അവസരം ഒരുക്കുന്നു. | | | |
| | അഞ്ചാം ക്ലാസിനായി കഥപറയൽ, കഥയെഴുത്ത് ആറിന് Role Play നാടകം എന്നിവ പ്രച്ഛന്നവേഷരായി ഏഴാം ക്ലാസിന് കവിതയുടെ പ്രസംഗം തുടങ്ങിയവ. ക്യാമ്പിന് ഒടുവിൽ ഡോക്യുമെന്ററി / ഫിലിം ഷോ | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ, പി.ടി.എ. ഭാരവാഹികൾ, രക്ഷിതാക്കൾ | |

| മേഖല യു.പി. സാമൂഹ്യശാസ്ത്രം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| 1) സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവകുൾ, ആശയങ്ങൾ ഇവ പരിശോധിക്കാൻ നേടിയെടുക്കാൻ | **അങ്കത്തട്ട് – കളിയിൽ നിന്ന് കാര്യത്തിലേക്ക്**<br>സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| | **ഓർമ്മച്ചെപ്പ്**<br>അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യകളുപയോഗിച്ച് Memory test നടത്തുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | **Virtual Field Trip**<br>ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 3) ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | **വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്**<br>ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്രം അധ്യാപകർ | |
| 4) പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു | **പ്രകൃതി താണ്ഡവം: നേർക്കാഴ്ച**<br>ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരൾപ്പൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

| മേഖല യു.പി. സാമൂഹ്യശാസ്ത്രം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| 5) സഹജീവികളോട് സമഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു | **നന്മയുടെ നുറുങ്ങുവെട്ടം**<br>പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസഹസ്തമാകുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി.ടി.എ. |
| 6) വിവരവിനിമയ സങ്കേജിതക വിദ്യയുടെ ദുരുപയോഗങ്ങളെ ക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെ ക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു | **ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം**<br>സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 7) സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | **കാടെവിടെ മക്കളെ ? (ഫീൽഡ് ട്രിപ്പ്, സർവ്വേ)**<br>പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർ തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 8) സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | **പുതുചക്രവാളത്തിലേക്ക്**<br>സിവിൽ സർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരികലോകം സൃഷ്ടിക്കുന്ന, മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

## യു.പി. ഗണിതം (Academic Master Plan UP Maths)

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| * അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | ഗണിത ശിൽപ്പശാല:- കളിവീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർ കാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ .... ഉപയോഗിക്കുന്നു. അബ്ബാക്കസ്, സ്ഥാനവില പോക്കറ്റ് | ജൂൺ മാസം | Maths Teacher | |
| * രസകരമായ ഗണിത ശാസ്ത്രപഠനവും കരചലനശേഷികളുടെ വികാസവും | ഒറിഗാമി ശിൽപ്പശാല:- ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പടടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | Maths Teacher | |
| * ഗണിത പഠന പ്രവർത്തനങ്ങൾ ഗുഗമമാക്കൽ | വിദ്യാലയത്തിൽ ഒരു ഗണിതലാബ് സജ്ജമാക്കൽ, ഗണികക്ലാസ്സ് നടത്തൽ. | ആവശ്യാനുസരണം | Maths Jr. and Club members | |
| * ഗണിതമേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ | ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ ഉൾപ്പെടുത്തി ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപര്യം ഉണ്ടാക്കുന്ന രീതിയിൽ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ ഒന്നോ രണ്ടോ തവണ | Maths Jr. and Club leaders | PTA |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| * ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ഐ.ടി. സാധ്യതകളിലൂടെ : ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ.ടി സാധ്യതകൾ ഉപയോഗപ്പെടുത്തികൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ 1 തവണ | Maths Teacher | |
| * ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | ഗണിത ക്ലിനിക്ക്:- ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും ഗണിതത്തിൽ മിടുക്കരായ കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ 1 പിരീഡ് | Maths Teeacher & സമർത്ഥരായ കുട്ടികൾ | |
| * വിവിധ ശേഷികളുടെ വികസനം | ദിനാചരണം: ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടു ത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |

| ആശയം / തീം | ഉപാശയങ്ങൾ | സാഹിത്യ രൂപങ്ങൾ | പഠന ലക്ഷ്യങ്ങൾ | | | ഭാഷാവസ്തുതകൾ | വ്യവഹാര രൂപങ്ങൾ | വിലയിരുത്തൽ |
|---|---|---|---|---|---|---|---|---|
| | | | ആശയധാരണകൾ | ശേഷികൾ നൈപുണികൾ | മൂല്യം / മനോഭാവം | | | |
| | | | | | | | | |
| മാനവികത | *മാനവികതയും സാഹിത്യവും മാനവിക മൂല്യങ്ങൾ വളർത്തുന്ന തിൽ സാഹിത്യം സുപ്രധാന പങ്കുവഹിക്കു ന്നുണ്ട്.<br>* ദേശാതിർത്തി കൾക്കതീതമായ മാനവസൗഹാർദ്ദം കെട്ടിപ്പടുക്കണം.<br>* പലതരത്തിൽ കഷ്ടപ്പെടുന്ന സഹജീവികൾ ക്കായി ത്യാഗ മനസ്ഥിതിയോടെ പ്രവർത്തിക്കണം<br>* മാനവിക മൂല്യങ്ങൾ ഊട്ടിയുറപ്പിക്കുന്ന തിനായി നിസ്വാർഥമായി പരിശ്രമിച്ച ധാരാളം വ്യക്തികളുണ്ട്. | * കഥ<br>* കവിത<br>* ലേഖനം | * മാധവികതയുടെ മഹത്വം വ്യക്തമാക്കുന്ന ചെറുകഥകൾ പരിചയപ്പെടുക.<br>* മാനവിക പ്രശ്നങ്ങളെ വിമർശനാത്മക വിലയിരുത്തലിന് വിധേയമാക്കി, സ്വന്തം നിരീക്ഷണങ്ങൾ രൂപീകരിച്ച് ഉചിതഭാഷയിൽ ആവിഷ്കരിക്കേണ്ട തെങ്ങനെയന്ന ധാരണ നേടുക.<br>* വിവിധ സാഹിത്യ രൂപങ്ങളിൽ മാനവികത ആവിഷ്കരിച്ചതിലുള്ള വ്യത്യസ്തകൾ തിരിച്ചറിയുക.<br>* രചനകളിലെ ആസ്വാദനാംശങ്ങൾ പ്രയോഗഭംഗി, അലങ്കാരം....) അവയ്ക്ക് ഭംഗി പകരുന്നുവെന്ന് തിരിച്ചറിയുക. | * വിഷയം / പ്രശ്നം വിശകലനം ചെയ്ത് കാര്യകാരണങ്ങൾ, പ്രശ്നങ്ങൾ, പരിഹാരങ്ങൾ എന്നിവ തിരിച്ചറിഞ്ഞ് സ്വന്തം ഭാഷയിൽ യുക്തിപൂർവ്വം അവതരിപ്പിക്കുക.<br>* വൈവിധ്യമാർന്ന രചനകൾ ആസ്വദിക്കുകയും (ആസ്വാദ്യഘടകങ്ങൾ, ചമൽക്കാരം, പ്രയോഗഭംഗി, ബിംബകല്പന...) കണ്ടെത്തി വിശദമാക്കുകയും ചെയ്യുക. (ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക)<br>* ഗദ്യഭാഷയിലെ പ്രയോഗങ്ങളെ വിശകലനം ചെയ്ത് സൗന്ദര്യാംശങ്ങൾ തിരിച്ചറിയുക. ഇവ സ്വന്തം രചനകളിൽ പ്രയോഗിക്കുക. | * മാനവികമൂല്യങ്ങൾ തിരിച്ചറിഞ്ഞ് ജീവിതത്തിൽ പ്രകടിപ്പിക്കുകയും പകർത്തുകയും ചെയ്യുക.<br>* മാനവിക മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച വ്യക്തികൾ, ഇതിനായി പ്രവർത്തിക്കുന്ന സംഘടനകൾ എന്നിവയെപ്പറ്റി അറിയുകയും അനുഗുണമായ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുകയും ചെയ്യുക.<br>* പാരസ്പര്യത്തോടെ യുള്ള സാമൂഹ്യ ജീവിതത്തിന്റെ ഗുണഫലങ്ങൾ തിരിച്ചറിയുക. | * പദങ്ങളുടെ പ്രയോഗപരമായ സവിശേഷതകൾ തിരിച്ചറിയുക.<br>* കവിതകൾക്ക് ഭാവത്തിനു യോജിച്ച ഈണം നൽകുക. അവ തമ്മിലുള്ള ബന്ധം തിരിച്ചറിയുക.<br>* നൂതന സന്ദർഭങ്ങളിൽ ശൈലികൾ, പ്രയോഗങ്ങൾ എന്നിവ അർഥപൂർണ്ണമായി ഉപയോഗിക്കുക.<br>* കവിതയുടെ ആസ്വാദനാംശങ്ങൾ തിരിച്ചറിയുന്നു. ശബ്ദഭംഗി, അർഥഭംഗി, ബിംബകല്പന | * ചർച്ചാക്കുറിപ്പ്<br>* നിരീക്ഷണക്കുറിപ്പ്<br>* പ്രഭാഷണം<br>* അനുഭവക്കുറിപ്പ്<br>* പ്രതികരണക്കുറിപ്പ്<br>* വിശകലനക്കുറിപ്പ്<br>* ഉപന്യാസം<br>* കഥാപാത്ര നിരൂപണം<br>* ലഘു നാടകം<br>* റോൾ പ്ലേ<br>* വിവരണം<br>* നിഗമനക്കുറിപ്പ്<br>* തിരക്കഥ | * പഠന പക്രിയകളു ടെയും പഠന പ്രവർത്തനങ്ങളു ടെയും നിരന്തര വിലയിരുത്തൽ<br><br>* രചനകളുടെ വിലയിരുത്തൽ (അനുഭവക്കുറിപ്പ്, പ്രതികരണക്കുറിപ്പ്, പ്രതികരണക്കുറിപ്പ്, വിശകലനക്കുറിപ്പ്, ഉപന്യാസം, കഥാപാത്ര നിരൂപണം, താരതമ്യക്കുറിപ്പ്) |

| ആശയം / തീം | ഉപാശയങ്ങൾ | സാഹിത്യ രൂപങ്ങൾ | പഠന ലക്ഷ്യങ്ങൾ | | | ഭാഷാവസ്തുതകൾ | വ്യവഹാര രൂപങ്ങൾ | വിലയിരുത്തൽ |
|---|---|---|---|---|---|---|---|---|
| | | | ആശയധാരണകൾ | ശേഷികൾ നൈപുണികൾ | മൂല്യം / മനോഭാവം | | | |
| | | | | | | | | |
| തൊഴിൽ | * തൊഴിൽ അഭിമാനകരമാണ്.<br><br>* തൊഴിൽ മേഖലയിലെ ചൂഷണങ്ങൾ ഇപ്പോഴും സജീവമാണ്.<br><br>* തൊഴിൽ മേഖലയിലെ ലിംഗ നീതി<br><br>* തൊഴിൽ സ്വഭാവത്തിൽ നവകാലത്ത് മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്<br><br>* തൊഴിൽ നൈപുണി വികാസം സാമൂഹ്യ പുരോഗതിയിൽ നിർണായക പങ്കു വഹിക്കുന്നു. | * കഥ<br>* കവിത<br>* ഉപന്യാസം | * തൊഴിൽ ഒരു സംസ്കാരമാണെന്ന് തിരിച്ചറിയുക.<br><br>* തൊഴിൽ പ്രമേയമായ ബന്ധപ്പെട്ട വിവിധ സാഹിത്യ രൂപങ്ങളെയും ഉള്ളടക്കത്തെയും കുറിച്ച് സാമാന്യധാരണ നേടുക.<br><br>* തൊഴിലാളികളുടെ ജീവിതത്തെക്കുറിച്ച് സാമാന്യധാരണ നേടുക. | * തൊഴിലുമായി ബന്ധപ്പെട്ട വിവിധ സാഹിത്യരൂപങ്ങൾ വായിച്ച് അവയുമായി ബന്ധപ്പെട്ട വിവിധ വ്യവഹാര രൂപ ങ്ങളെ തിരിച്ചറിഞ്ഞ് സ്വതന്ത്ര രചനയിൽ ഏർ പ്പെടുക. (ഉദാ: ആസ്വാദനം, നിരൂപണം)<br>* വാക്യങ്ങൾ വിശകലനം ചെയ്ത് ഭാഷാപ്രയോഗ വ്യവ സ്ഥകൾ തിരിച്ചറിയു കയും അനുയോജ്യ മായ സന്ദർഭ ങ്ങളിൽ അവ പ്രയോഗിക്കു കയും ചെയ്യുക.<br>* വാക്യഘടനയെക്കുറിച്ച് സാമാന്യ ധാരണയും പ്രയോഗ ധാരണയും സ്വായത്ത മാക്കു കയും ഭാഷയുടെ ഭംഗിയും കരുത്തും വ്യക്ത മാക്കുന്ന സന്ദർഭങ്ങൾ വിശകലനം ചെയ്ത് കുറിപ്പുകൾ തയ്യാറാ ക്കു കയും ചെയ്യുക.<br>* ഈണം കണ്ടെത്തി കവിതകൾ അവതരിപ്പിക്കുക.<br>* സംവാദങ്ങളിലും ചർച്ചക ളിലും പങ്കെടുത്ത് സ്വന്തം വാദ മുഖങ്ങൾ ആത്മവിശ്വസ ത്തോട് യുക്തിപൂർവ്വം സമർ ഥിക്കുക. | * തൊഴിൽ സംസ്കാരം വളർത്തിയെടു ക്കാനും പരിപോഷിപ്പി ക്കാനുമുള്ള മനോഭാവം രൂപപ്പെടുക.<br>* എല്ലാ തൊഴിലാളി കളോടും സംഭാവനയോടെ ഇടപെടാനുള്ള മനോഭാവം പ്രകടിപ്പിക്കുക. | * പദഘടന, വാക്യഘടന<br><br>* കവിതയുടെ ഭാഷാ സൗന്ദര്യതലം | * നിരൂപണക്കുറിപ്പ്<br><br>* പ്രതികരണക്കുറിപ്പ്<br><br>* അഭിമുഖം<br><br>* തിരക്കഥ<br><br>* ലഘുലേഖ<br><br>* വിശകലനക്കുറിപ്പ്<br><br>* ഔചിത്യം കണ്ടെത്തൽ<br><br>* മുഖപ്രസംഗം<br><br>* പാനൽ ചർച്ച | * പഠന പക്രിയ<br><br>* വൈവിധ്യമാർന്ന ഉല്പന്നങ്ങൾ<br><br>* (വാചികം / ലിഖിതം / പ്രകടനം / നിർമ്മാണാത്മകം) |

| ആശയം / തീം | ഉപാശയങ്ങൾ | സാഹിത്യ രൂപങ്ങൾ | പഠന ലക്ഷ്യങ്ങൾ | | | ഭാഷാവസ്തുതകൾ | വ്യവഹാര രൂപങ്ങൾ | വിലയിരുത്തൽ |
|---|---|---|---|---|---|---|---|---|
| | | | ആശയധാരണകൾ | ശേഷികൾ നൈപുണികൾ | മൂല്യം / മനോഭാവം | | | |
| | | | | | | | | |
| പ്രകൃതി | * പ്രകൃതി സംരക്ഷണവും പ്രകൃതി സ്നേഹവും<br><br>* പ്രകൃതി സ്നേഹത്തിൽ അധിഷ്ഠിതമായ മനോഭാവം രൂപപ്പെടണം.<br><br>* പ്രകൃതിയെ സംരക്ഷിച്ച് വരും തലമുറയ്ക്ക് കൈമാറേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്.<br><br>* പാരിസ്ഥിതിക ദർശനത്തിന്റെ രൂപപ്പെടൽ ഒരു സാമൂഹ്യാവശ്യമാണ്.<br><br>* പ്രകൃതിയുടെ സന്തുലിതാവസ്ഥ തകർന്നാൽ ഭൂമി നശിക്കും. | * നോവൽ ഭാഗം<br><br>* കവിത<br><br>* നിരൂപണം | * പ്രകൃതി സ്നേഹത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് തിരിച്ചറിവ് നൽകുന്ന നിരവധി സാഹിത്യ കൃതികൾ ഭാഷയിലുണ്ട്.<br>* കഥ, കവിത, നോവൽ എന്നിവയിൽ പ്രകൃതിയെ ആവിഷ്കരിച്ചതിന്റെ വ്യത്യസ്തകൾ തിരിച്ചറിയുക.<br>*പ്രയോഗ സവിശേഷതകൾ കൃതികൾക്ക് ആസ്വാദ്യത പകരുന്നതെങ്ങനെയെന്ന ധാരണ നേടുക.<br>* ഗദ്യപദ്യരചനകളുടെ ആവിഷ്കാര രീതിയിലുള്ള സവിശേഷതകൾ തിരിച്ചറിയുക.<br>* ആനുകാലികങ്ങൾ വായിച്ച് പത്രം, മാസികകൾ, ലഘുലേഖകൾ...) പ്രകൃതി നേരിടുന്ന പ്രശ്നങ്ങൾ തിരിച്ചറിയുക. | * പ്രകൃതിയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ വിശക ലനം ചെയ്ത് കാര്യ കാരണങ്ങൾ, പരിഹാര മാർഗങ്ങൾ എന്നിവ തിരിച്ചറിഞ്ഞ് ആശയ വ്യക്തതയോടെ സദസ്സിന് യോജിച്ച രീതിയിൽ പ്രഭാഷ ണം അവതരിപ്പിക്കുക.<br>* കണ്ടും കേട്ടും വായിച്ചും രൂപീകരിച്ച ആശയങ്ങളുമായി / വിഷയങ്ങളുമായി ബന്ധപ്പെട്ട് പ്രസക്ത വിവരങ്ങൾ ശേഖരിച്ച് അപഗ്രഥിക്കുകയും സ്വന്തം നിഗമനങ്ങൾ രൂപീ കരിച്ച് പ്രബന്ധം തയ്യാറാക്കി ആശയവ്യക്തതയോടെ അവതരിപ്പിക്കുകയും ചെയ്യുക.<br>* പ്രകൃതിയുമായും പ്രകൃതി സംരക്ഷണവുമായി ബന്ധപ്പെട്ട് പതിപ്പുകൾ തയ്യാറാക്കുന്നു. | * പ്രകൃതി സൗന്ദര്യം സംരക്ഷിക്കാനുള്ള താൽപര്യം പ്രകടിപ്പിക്കുക.<br>* പ്രകൃതിക്കു വേണ്ടി പ്രവർത്തിക്കുന്ന വരോട് ആഭിമുഖ്യം പ്രകടിപ്പിക്കുക.<br>* പ്രകൃതിനശീകരണ പ്രവർത്തനങ്ങൾക്കെതിരെയുള്ള പ്രതികരണം സ്വന്തം കടമയായി കരുതി ഇടപ്പെടുക. | * ഗദ്യഭാഷയിലെ പദഘടന, വാക്യഘടന എന്നിവ തിരിച്ചറിയുക.<br><br>* കവികളുടെ ഭാവത്തിന് യോജിച്ച ഈണം നൽകുക.<br><br>* വാക്യങ്ങൾ വിശകലനം ചെയ്ത് ഭാഷാപ്രയോഗങ്ങൾ സംബന്ധിച്ച നിയമങ്ങൾ ഉൾക്കൊണ്ട് ഭാഷ പ്രയോഗിക്കുക.<br><br>* കവിതയുടെ ആസ്വാദനാംശങ്ങൾ തിരിച്ചറിയുക. | * പ്രഭാഷണം<br><br>* വിശകലനക്കുറിപ്പ്<br><br>* പ്രോജക്ട്<br><br>* മുഖപ്രസംഗം (എഡിറ്റോറിയൽ)<br><br>* ആസ്വാദനക്കുറിപ്പ്<br><br>* പ്രയോഗഭംഗി<br><br>* വർണന<br><br>* പതിപ്പ്<br><br>* ഉപന്യാസം<br><br>* കഥാപാത്ര നിരൂപണം<br><br>* സംഗീതശില്പം<br><br>* ചർച്ച | * പഠന പക്രിയകളുടെയും പഠന പ്രവർത്തനങ്ങളുടെയും നിരന്തര വിലയിരുത്തൽ, (പ്രക്രിയ, പഠനത്തെളിവ്, ഉൽപന്നങ്ങൾ)<br>* രചനകളുടെ വിലയിരുത്തൽ (വിശകലനക്കുറിപ്പ്, വർണന, പതിപ്പ്, ഉപന്യാസം, കഥാപാത്ര നിരൂപണം, മുഖപ്രസംഗം, പ്രോജക്ട്, ആസ്വാദനക്കുറിപ്പ്) |